# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 15 — 07.08.2017 ൽ മറുപടിയ്ക്ക്

## സേവനാവകാശ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) ആവശ്യമായ സേവനം യഥാസമയം വേണ്ട വിധത്തിൽ പൊതുജനങ്ങൾക്ക് നൽകുക എന്ന ലക്ഷ്യത്തോടെയാണോ സംസ്ഥാനത്ത് സേവനാവകാശ നിയമം നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; | (എ) അതെ |
| (ബി) എങ്കിൽ ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം പൊതുജനങ്ങൾക്കു യഥാസമയം സേവനം ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനു സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (ബി) 21.10.2014-ലെ 16203/എ.ആർ.12(1)/13/ ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ, പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>സേവനാവകാശ നിയമ പ്രകാരം സമർപ്പിക്കേണ്ട അപേക്ഷ എന്തെന്നത് സംബന്ധിച്ച് വ്യക്തത വരുത്തിക്കൊണ്ട്, 15.11.2014-ലെ |

16203/എ.ആർ.12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചു. പ്രസ്തുത സർക്കുലർ പ്രകാരം സേവനാവകാശ നിയമ പ്രകാരമുള്ള സേവനങ്ങൾ ലഭിക്കുന്നതിന്, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ട തില്ലായെന്നും സേവനങ്ങൾ നൽകുന്നതിനു വേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപന ങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവ യാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ട താണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നതിനും ഓരോ വകുപ്പും സ്ഥാപനവും കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട്, പ്രതിമാസ പത്രികയായി നിശ്ചിത മാതൃകയിൽ, ബന്ധപ്പെട്ട ഭരണവകുപ്പുകൾ മുഖേന ഓരോ മാസവും 5-ാം തീയതിക്കു മുമ്പായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന സേവനാവകാശ നിയമനത്തിലെ 3-ാം വകുപ്പിൻപ്രകാരം ഓരോ സർക്കാർ വകുപ്പും, ഓരോ വകുപ്പുമേധാവിയും, ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും, അവ ഓരോന്നും നൽകുന്നതായ സേവനങ്ങളുടെ കൂട്ടത്തിൽ അതത് ഓഫീസിലെ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതും കൂടി സേവനാവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി സേവനാവകാശ നിയമം 2012 സംബന്ധിച്ച് അതാത് വകുപ്പുകൾ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ ഓരോ

| | |
|---|---|
| | വകുപ്പും/സ്ഥാപനങ്ങളും ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് 08.02.2016 ലെ 22488/എ.ആർ12(1)/2015/ ഉ.ഭ.പ.വ നമ്പർ സർക്കുലർപ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) ചില ഓഫീസുകളിൽനിന്നും, സേവനം യഥാസമയം കിട്ടാത്തതിന്റെ പേരിലാണെന്ന് പറയപ്പെടുന്ന ആത്മഹത്യകളും ആത്മഹത്യാ ഭീഷണികളും സേവനാവകാശ നിയമം ഇനിയും ജനങ്ങൾക്ക അനുഭവവേദ്യമായിട്ടില്ല എന്നാണ സൂചിപ്പിക്കുന്നതെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; (ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം പരിഹാരനടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ; | (സി) & (ഡി) സേവനാവകാശ നിയമം കാലോചിതമായി പരിഷ്കരിക്കുവാനും പൊതുസമൂഹത്തിന് അനുഗുണമാംവിധത്തിൽ ലളിതവും സുതാര്യവുമാക്കുവാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഇ) സേവനാവകാശ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം പ്രസ്തുത നിയമം അനുശാസിക്കുന്ന വിധത്തിൽ പ്രവർത്തിക്കാത്തതിന്റെ പേരിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ; | (ഇ) ഇല്ല |
| (എഫ്) ഇല്ലെങ്കിൽ സേവനാവകാശ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനായി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | (എഫ്) സേവനാവകാശ നിയമം അനുസരിച്ച് ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ നിയമമനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ